**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1806** **04-02-2026-ൽ മറുപടിയ്ക്ക്**

**<u>തിരൂർ മലയാള സർവ്വകലാശാലയിലെ നിയമനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. യു. എ. ലത്തീഫ്

ശ്രീ. പി. ഉബൈദുള്ള

ശ്രീ. പി. അബ്ദുൽ ഹമീദ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോജി എം. ജോൺ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** തിരൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന മലയാള സർവ്വകലാശാലയിലെ നിയമനങ്ങൾ എപ്രകാരമാണ് നടത്തുന്നത്; പ്രസ്തുത നിയമനങ്ങളിൽ സംവരണ വ്യവസ്ഥ പാലിക്കാറുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മലയാള സർവ്വകലാശാലയിൽ അധ്യാപക തസ്തികകളിലേക്കുള്ള നിയമനം നിർവാഹക സമിതിയുടെ അനുവാദത്തോടെ സർവകലാശാലയാണ് നടത്തുന്നത്. സർവകലാശാലയിൽ ആകെ 11 അനധ്യാപക തസ്തികകളാണ് നിലവിലുള്ളത്. ആയതിൽ, ഒരു തസ്തികയിൽ സമാശ്വാസ പദ്ധതി പ്രകാരമുള്ള നിയമനവും ബാക്കിയുള്ളവയിൽ അന്യത്രസേവനവ്യവസ്ഥയിലുള്ള നിയമനവുമാണ് നടത്തിയിട്ടുള്ളത്.

അത്യാവശ്യം വേണ്ടുന്ന മറ്റ് അനധ്യാപക തസ്തികകളിലേക്ക് താൽക്കാലികാടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നത്. നിയമനങ്ങളിൽ സംവരണ വ്യവസ്ഥകൾ പാലിക്കുന്നുണ്ട്.

**(ബി)** പ്രസ്തുത സർവ്വകലാശാലയിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ;

**<u>മറുപടി:</u>** ഉണ്ട്.

**(സി)** താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര പേരെ സ്ഥിരപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് തിരുമാനമെടുത്തിട്ടില്ല.

**സെക്ഷൻ ഓഫീസർ**